ശ്രദ്ധക്ഷണിക്കൽ

(1) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നവഉദാരവൽക്കരണ സാമ്പത്തിക നയത്തിന്റെ ഫലമായി ജീവിതം തകർക്കപ്പെട്ട കർഷക തൊഴിലാളികളുടെയും ദരിദ്രകർഷകരുടെയും ജീവൻ നിലനിർത്താനുള്ള പദ്ധതിയായിട്ടാണ് ദേശീയ തൊഴിലുറപ്പ് നിയമം രൂപംകൊണ്ടത്. മണ്ണിൽ അദ്ധ്വാനിക്കുന്ന മനുഷ്യർക്ക് ജോലിയും കൂലിയും ഉറപ്പാക്കാനുള്ള ഈ പദ്ധതിയെ തകർക്കുന്നതിന് കേന്ദ്ര സർക്കാർ നടത്തുന്ന നീക്കങ്ങളിലേയ്ക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

2005-ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാർലമെന്റ് പാസ്സാക്കി. 2008-ഓടെ രാജ്യത്താകെ ഈ പദ്ധതി നിലവിൽവന്നു. ഇന്ന് രാജ്യത്ത് 13 കോടി 38 ലക്ഷം കുടുംബങ്ങളിൽ 26 കോടി 16 ലക്ഷം തൊഴിലാളികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷെ തൊഴിൽ നൽകിയതാകട്ടെ പകുതി കുടുംബങ്ങൾക്ക് മാത്രമാണ്. പ്രതിവർഷം നൂറ് തൊഴിൽദിനങ്ങൾ മിനിമം നൽകണമെന്ന് നിയമത്തിൽ പറയുന്നു. പക്ഷെ മിനിമം പണി ലഭിച്ചവർ നാമമാത്രമാണ്. 2017-2018-ൽ ശരാശരി 2.27 ശതമാനം ആളുകൾക്കും 2018-

2019-ൽ ശരാശരി 4.5 ശതമാനം ആളുകൾക്കും മാത്രമാണ് നൂറ് ദിവസം പണി കിട്ടിയത്. ശരാശരി തൊഴിൽ ദിനങ്ങളും വളരെ കുറഞ്ഞുപോയിരിക്കുന്നു. 2017-2018-ൽ 45 ദിവസവും 2018-2019-ൽ 51 ദിവസവുമാണ് ശരാശരി തൊഴിൽ ലഭിച്ചത്. ഈ വർഷം ഇതുവരെ ശരാശരി 37 ദിവസം മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് ഉടൻ തൊഴിലും 15 ദിവസത്തിനകം കൂലിയും നൽകണമെന്നാണ് നിയമം. ഒരിക്കലും ഇത് നടപ്പാക്കിയിട്ടില്ല. ഇപ്പോൾതന്നെ കേരളത്തിൽ നാല് മാസത്തിലധികമായി കൂലി കുടിശ്ശിക നിലനിൽക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അവഗണനയാണ് ഇതിന്റെ പ്രധാന കാരണം. കൂലി താമസിച്ചാൽ ഈ നിയമത്തിൽ പിഴയുമുണ്ട്. പക്ഷെ കൂലിക്കാവശ്യമായ ഫണ്ടുപോലും കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലായെന്ന് നമ്മൾ മനസ്സിലാക്കണം. ഇതുകൂടാതെ തുടർച്ചയായി പുതിയ മാനദണ്ഡങ്ങൾ വന്നുകൊണ്ടിരിക്കുന്നു. നേരിട്ടുള്ള കൃഷിപ്പണികളെല്ലാം പദ്ധതിയിൽനിന്നും ഒഴിവാക്കി. അളക്കാൻ കഴിയുന്നതും ദീർഘകാലം നിലനിൽക്കുന്നതുമായ ആവർത്തിക്കാൻ പറ്റാത്ത പണി മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്താവൂ എന്ന പുതിയ നിർദ്ദേശം വന്നു. പദ്ധതി വിഹിതത്തിന്റെ നാല്പത് ശതമാനം യന്ത്രങ്ങളുടെ വാടകയ്ക്കും മെറ്റീരിയൽ

ചെലവിനും നൽകണമെന്ന് പറഞ്ഞ് തൊഴിലാളികളുടെ കൂലി വിഹിതം അറുപത് ശതമാനമായി ചുരുക്കുകയാണ്. ഇതെല്ലാം തൊഴിലുറപ്പ് നിയമത്തിലെ യഥാർത്ഥ ലക്ഷ്യങ്ങളുടെ പരസ്യ ലംഘനമാണ്. എന്നാൽ കേരളത്തിൽ കുറച്ച് ഭേദമുണ്ട്. കേരളത്തിൽ, 2017-2018-ൽ 12 ലക്ഷംപേർക്ക് ശരാശരി 48 ദിവസം തൊഴിൽ ലഭിച്ചു. 2018-2019-ൽ 15 ലക്ഷം പേർക്ക് ശരാശരി 66 ദിവസം തൊഴിൽ ലഭിച്ചു. കഴിഞ്ഞ വർഷം 441480 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭിച്ച ഏക സംസ്ഥാനമാണ് കേരളം, എന്നുമാത്രമല്ല ഇവർക്കെല്ലാം 1,000/- രൂപ വീതം ഫെസ്റ്റിവൽ അലവൻസും കേരളത്തിൽ നൽകുകയുണ്ടായി. നഗരങ്ങളിൽ അയ്യങ്കാളി പദ്ധതി കേരളത്തിൽ മാത്രമാണ് നടപ്പാക്കിയത്. പട്ടികവർഗ്ഗ വിഭാഗത്തിന് പട്ടികവർഗ്ഗ വകുപ്പിന്റെ സഹായത്തോടുകൂടി 200 ദിവസം മിനിമം ജോലി ഉറപ്പാക്കാനുള്ള പുതിയ പദ്ധതിയുണ്ടാക്കി. ഇതെല്ലാമുണ്ടെങ്കിലും കേരളത്തിലെയും ചില പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാനുണ്ട്. ഇവിടെ കേരള സംസ്ഥാനത്ത് അളവ് തിട്ടപ്പെടുത്തി കൂലി കൊടുക്കാനുള്ള മാനദണ്ഡം കടുകട്ടിയായി നിലനിൽക്കുകയാണ്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ ഒരു പെട്ടിആട്ടോറിക്ഷയിൽ നിറയ്ക്കാവുന്ന

മണ്ണെടുത്തുമാറ്റിയാൽ കൂലിയായി 250/- രൂപ വരെ ലഭിക്കും. കേരളത്തിൽ അത് 90/- രൂപമാത്രമാണ്. കേരളത്തിൽ ഒരു ദിവസത്തെ കൂലി ലഭിക്കണമെങ്കിൽ ഒരു ടിപ്പർ ലോറി മണ്ണ് വെട്ടിമാറ്റണം. അത് അസാധ്യമായ കാര്യമാണെന്ന് എല്ലാവർക്കുമറിയാം. വർക്ക് സൈറ്റ് ഫെസിലിറ്റീസായ തണൽ ഷെഡ്, ഫസ്റ്റ് എയ്ഡ് സംവിധാനം, ഷൂ, ഗ്ലൗസ് എന്നിവ ഇതരസംസ്ഥാനങ്ങളിലെപോലെ ഇവിടെയും സോഫ്റ്റ്‌വെയർ ഡാറ്റയിൽ ഉൾപ്പെടുത്തി കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ നമ്മൾ ശ്രമിക്കണം. സൂപ്പർവൈസർമാരായി ജോലി ചെയ്യുന്ന mate-മാർക്കുള്ള വേതനം മെറ്റീരിയൽ ഫണ്ട് ക്വാട്ടയിലുൾപ്പെടുത്തി അയൽ സംസ്ഥാനങ്ങളിലെന്നപോലെ കേന്ദ്രത്തിൽനിന്നും ഈടാക്കാൻ നമ്മൾ ശ്രമിക്കേണ്ടതുണ്ട്. തെങ്ങ്, റബ്ബർ എന്നിവയും മറ്റ് വൃക്ഷതൈകളും നടുന്നതിന് ഇന്ന് അനുമതിയുണ്ട്. ഭൂപരിഷ്കരണഭൂമിയിൽ തൊഴിൽ നൽകുന്നതിന് നിയമത്തിൽ ഒരു തടസവുമില്ലാത്ത സാഹചര്യത്തിൽ, ഇവിടെ ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കളാണ് നെൽകൃഷിയിലെ മഹാഭൂരിപക്ഷവും. അതുകൊണ്ട് നെൽകൃഷി സ്ഥലത്ത് നെൽച്ചെടി നടുന്നതിനുള്ള അനുമതി രണ്ട് വർഷത്തിലൊരിക്കലെങ്കിലും ലഭ്യമാക്കാൻ നമ്മൾ ഇടപെടണം. ജീവിത

ചെലവുകൾ അധികരിക്കുന്ന ഈ സാഹചര്യത്തിൽ നിലവിലെ 271/- രൂപ എന്ന കൂലി എല്ലാവർഷവും പുതുക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തണം. പ്രത്യേകമായ ക്ഷേമനിധി സംവിധാനത്തിന് കേരള സംസ്ഥാനത്ത് അടിയന്തരമായി രൂപം കൊടുക്കേണ്ടതുണ്ട്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര നീക്കങ്ങളെ ചെറുക്കുന്നതിനോടൊപ്പം നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക മേഖലയിലെ ജോലികളും, ക്ഷീര മേഖല, പരമ്പരാഗത മേഖല എന്നിവയിലേയ്ക്കുള്ള വ്യാപനവും നടപ്പാക്കി പ്രതിവർഷം 250 ദിവസം തൊഴിൽ ലഭ്യമാക്കാൻ ഇടപെടണം, അതിൽ കേന്ദ്രത്തിൽ സമ്മർദം ചെലുത്തണം എന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. ഡി. പ്രസേനൻ തൊഴിലുറപ്പുമേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ വിദഗ്ദ്ധ തൊഴിൽ നൽകുക എന്നതാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് നിലവിൽ ഗ്രാമീണ

മേഖലയിലെ 35.97 ലക്ഷം കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 19.41 ലക്ഷം കുടുംബങ്ങൾ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ കൂലിയുടെ നിരക്ക് ഓരോ വർഷവും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അഗ്രികൾച്ചർ ലേബർ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. ഓരോ സാമ്പത്തിക വർഷവും തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ പുതുക്കി നൽകാറുണ്ട്. കേരളത്തിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള ദിവസവേതനം 271/- രൂപയാണ്. കഴിഞ്ഞ വർഷവും കേന്ദ്ര സർക്കാർ ഇതേ നിരക്കാണ് കേരളത്തിന് നിശ്ചയിച്ചത്. കേരളത്തെക്കൂടാതെ കർണ്ണാടക, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലും ആൻഡമാൻ നിക്കോബാർ, ഗോവ, ലക്ഷദ്വീപ് എന്നീ കേന്ദ്ര ഭരണപ്രദേശങ്ങളിലും മാത്രമാണ് മുൻവർഷത്തെ അതേ അവിദഗ്ദ്ധ വേതനം കേന്ദ്ര സർക്കാർ നിശ്ചയിച്ചത്. തൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ജോലി പൂർത്തിയായി പതിനഞ്ച് ദിവസത്തിനകംതന്നെ വേതനം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ടി തുക കൃത്യമായി പതിനഞ്ച് ദിവസത്തിനകംതന്നെ തൊഴിലാളികളുടെ അക്കൗണ്ടിൽ

ലഭ്യമാക്കുന്നതിനുള്ള ഫണ്ട് യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാറില്ല. നിലവിൽ 16.07.2019 വരെ തൊഴിൽ ചെയ്ത കുടുംബങ്ങൾക്കുള്ള വേതനവിതരണം മാത്രമേ കേന്ദ്ര സർക്കാർ പൂർത്തിയാക്കിയിട്ടുള്ളൂ. 17.07.2019 മുതൽ 12.11.2019 വരെ സംസ്ഥാനത്ത് അവിദഗ്ധ വേതന നിരക്ക് ഇനത്തിലുള്ള കുടിശ്ശിക 674.33 കോടി രൂപയാണ്. തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം ലഭിക്കുന്നതിനും മസ്റ്റർറോളുകൾ പ്രോസസ്സ് ചെയ്യുന്നതിനും സംസ്ഥാനം ശ്രദ്ധചെലുത്തുന്നുണ്ട്. ആകെ മസ്റ്റർറോളുകളുടെ 99.92 ശതമാനവും 15 ദിവസത്തിനുള്ളിൽ പ്രോസസ്സ് ചെയ്യാൻ സാധിക്കുന്നുണ്ട്. വേതനത്തിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നതിന് നിരന്തരം സമ്മർദം ചെലുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ വേതന കുടിശ്ശിക ഉടൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് ഞാൻ തന്നെ നേരിട്ട് രണ്ട് തവണ കത്തെഴുതിയിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷം മുതൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികളെ സംബന്ധിച്ചും പദ്ധതി നടത്തിപ്പ് സംബന്ധിച്ചുമുള്ള Annual Master Circular ഓരോ വർഷവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പ്രസിദ്ധീകരിക്കുന്നുണ്ട്. Annual Master Circular

പ്രകാരം കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട് കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കൽ, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, തെങ്ങ്-റബ്ബർ പ്ലാന്റേഷൻ, വരൾച്ചാ ലഘൂകരണത്തിനുള്ള കുളങ്ങളുടെ നിർമ്മാണം, ജലനിർഗമന മാർഗ്ഗങ്ങളുടെ നവീകരണം, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ അനുവദനീയമാണ്. എന്നാൽ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ നെൽക്കൃഷിയുമായി ബന്ധപ്പെട്ട് കൊയ്ത്ത്, കളപറിക്കൽ പോലെ നേരിട്ടുള്ള മറ്റ് കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് കഴിയുന്നില്ല. കേരളത്തിൽ 19.41 ലക്ഷം കുടുംബങ്ങൾ സജീവമായി പങ്കെടുക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ വേതന വർദ്ധനവ് നടപ്പാക്കുന്നതിനും കുടിശ്ശികയായിട്ടുള്ള വേതനം അടിയന്തരമായി സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനും നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ അനുമതി നൽകണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നുണ്ട്. ഇതിൽ അയ്യങ്കാളി പദ്ധതിയുടെ ഭാഗമായി പശു വളർത്തൽ തൊഴിലുറപ്പിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽ കംപോണന്റ് നമുക്ക് കുറവാണെന്നുള്ള

വിമർശനം മുൻകാലത്ത് വന്നിട്ടുണ്ട് അത് പരിഹരിക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അതിന് സ്ഥായിയായ ചില പ്രവൃത്തികൾകൂടി നമുക്കുണ്ടാകണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആ നിർദ്ദേശം വന്നിട്ടുള്ളത്. കഴിഞ്ഞ വർഷം പ്രളയമുണ്ടായപ്പോൾ തൊഴിൽ ദിനങ്ങൾ 150 ദിവസമായി വർദ്ധിപ്പിച്ചുതരികയുണ്ടായി. അതിന്റെ ഭാഗമായി പത്ത് കോടിയിലധികം തൊഴിൽ ദിനങ്ങൾ കഴിഞ്ഞ വർഷം ലഭിച്ചു. അത് സർവ്വകാല റിക്കോർഡാണ്. ഈ വർഷവും ലക്ഷ്യം വയ്ക്കുന്നതിന്റെ അപ്പുറത്തേയ്ക്ക് ഏകദേശം എത്തുമെന്നാണ് കരുതുന്നത്. പക്ഷെ കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ വർഷം അനുവദിച്ചിട്ടുള്ളത് നൽകിയിട്ടില്ല. തൊഴിലിന്റെ കൂലി ഇതരസംസ്ഥാനങ്ങളുമായി ബന്ധപ്പെടുമ്പോൾ കേരളത്തിൽ കുറവാണെന്ന് പറയുന്ന വസ്തുത ശരിയല്ല. പക്ഷെ അതിൽ ഒരു കാര്യമുണ്ട്, പ്രായം ചെന്നവരുടെ കണക്കെടുത്ത് നോക്കിയപ്പോൾ 313190 ആളുകൾ 61 വയസ്സിനും 80 വയസ്സിനും ഇടയ്ക്കുള്ളവരാണ്. അതുപോലെതന്നെ 51 വയസ്സിനും 60 വയസ്സിനുമിടയ്ക്ക് 419749 പേരാണുള്ളത്. ഇതിൽ പ്രായംചെന്നവർ വലിയതോതിൽ ഉണ്ടെന്നുള്ളതുകൊണ്ട് മറ്റുള്ളവർ ചെയ്യുന്ന തൊഴിലിന്റെയത്രയും എടുക്കാൻ ഇവർക്ക് ശാരീരികമായി ശേഷിയില്ല

എന്നുള്ളൊരു പ്രശ്നമുണ്ട്. അത് പഠിക്കാൻവേണ്ടി കില (Kerala Institute of Local Administration)-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായിട്ട് നമുക്ക് ആ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മൾ ഡെവലപ് ചെയ്ത SECURE Software ഇപ്പോൾ രാജ്യം മുഴുവനും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. SECURE Software-ൽ അളവ് നിശ്ചയിക്കുന്ന മാനദണ്ഡവുമായി ബന്ധപ്പെട്ട് നിലവിൽ പ്രശ്നമുണ്ട്. തമിഴ്നാടിലും കർണ്ണാടകയിലും മണ്ണുകൾ എടുക്കുന്നതുമായി ബന്ധപ്പെട്ട്..... വിവിധ മണ്ണുകൾക്ക് വിവിധ അളവുകളാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, അവിടെ ഈ കൂലി ലഭിക്കാൻ ഒരു പെട്ടിആട്ടോറിക്ഷ മണ്ണ് എടുത്താൽ മതിയെന്ന്. ഇവിടെ അത് ലഭിക്കുകയില്ല. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ അടിയന്തരമായി പഠിക്കുന്നതിനുവേണ്ടി ഒരു സമിതിയെ നിയോഗിക്കാൻ തയ്യാറാകുമോ; അതുപോലെ തൊഴുത്ത്, കക്കൂസ് എന്നിവ മെറ്റീരിയൽ കോസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് നിർമ്മിക്കുന്നത്. എല്ലാം ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് വ്യക്തികളുടെ പണികൾ മാത്രം ഗുണഭോക്താവിനെ ഏൽപ്പിക്കുകയും മറ്റ് മെറ്റീരിയലുകളെല്ലാം പുറത്തുനിന്ന്

വാങ്ങി കൊടുക്കുന്ന സ്ഥിതി വിശേഷമാണ് നമ്മുടെ അയൽ സംസ്ഥാനങ്ങളിലെല്ലാമുള്ളത്. അത്തരത്തിലുള്ള ഒരു ഡിസൈൻ ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൊണ്ടുവന്നാൽ നമുക്ക് മെറ്റീരിയൽ വർക്കിന്റെ വർദ്ധനവ് ഏറ്റവും എളുപ്പത്തിൽ സാധ്യമാക്കാൻ കഴിയും. അതിന് സന്നദ്ധമാകുമോ;

ശ്രീ. എ. സി. മൊയ്തീൻ: സർ, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ ചില പ്രവൃത്തികൾ അവർ പ്രത്യേക രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ട്. കേരളത്തിൽ നിലവിൽ അത്തരം ഒരു പ്രക്രിയയില്ല. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ നേരത്തെ ഒരു നിവേദനം എനിക്ക് നൽകിയിരുന്നു. തൊഴിലിന്റെ അളവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇവിടെ തയ്യാറാക്കുന്നതിലുള്ള പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

(2) റഗുലേറ്റർ - കം - ബ്രിഡ്ജ്

ശ്രീ. വി. ടി. ബൽറാം: സർ, ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് തൃത്താലയിലെ വെള്ളിയാങ്കല്ല് റഗുലേറ്റർ -കം -ബ്രിഡ്ജ്. നിരവധി കുടിവെള്ള പദ്ധതികളും

ചെറുകിട ജലസേചന പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമൊക്കെ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിലെയും പ്രളയങ്ങൾ വലിയ രീതിയിൽ വെള്ളിയാങ്കല്ല് റഗുലേറ്റർ -കം- ബ്രിഡ്ജിനെയും അതുമായി ബന്ധപ്പെട്ട നാടിനെയും ബാധിച്ച അനുഭവം അങ്ങേയ്ക്ക് അറിയാവുന്നതാണ്. വെള്ളിയാങ്കല്ല് റഗുലേറ്റർ -കം- ബ്രിഡ്ജിന്റെ ഷട്ടറുകളിൽ ഒരെണ്ണം പൂർണ്ണമായും പ്രളയജലത്തിൽ ഒലിച്ചു പോകുകയുണ്ടായി. അങ്ങ് നേരിട്ട് വന്ന് സന്ദർശിച്ചതായതുകൊണ്ട് കൂടുതലായി ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല. പത്തിലേറെ ഷട്ടറുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതിന്റെ മെക്കാനിക്കൽ റിപ്പെയർ മെയിന്റനൻസ് അടിയന്തരമായി ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. നിലവിൽ ആ പ്രളയത്തിന്റെ സാഹചര്യത്തിൽ എല്ലാ ഷട്ടറുകളും ക്രെയിൻ ഉപയോഗിച്ച് ഉയർത്തി വയ്ക്കേണ്ട സാഹചര്യമാണുള്ളത്. മെക്കാനിക്കൽ മെയിന്റനൻസ് പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടത്താത്തത് കാരണം പെട്ടെന്ന് വെള്ളം ഒലിച്ചുവന്നപ്പോൾ ഈ ഷട്ടറുകൾ സാധാരണഗതിയിൽ ഉയർത്താൻ സാധിച്ചില്ല. അതിനാൽ ക്രെയിൻ ഉപയോഗിച്ചാണ് ഉയർത്തിവച്ചത്. അങ്ങനെ ഉയർത്തി വച്ച അവസ്ഥയിൽത്തന്നെ ഇപ്പോൾ ഇരിക്കുകയാണ്. പ്രളയജലം ഒഴുകി പോയി,

പുഴയിൽ വെള്ളം സംഭരിക്കേണ്ട അവസ്ഥയാണ്. എന്നാൽ ഈ ഷട്ടറുകൾ താഴ്ത്താൻ കഴിയാത്തതുകാരണം അല്ലെങ്കിൽ താഴ്ത്തിയാൽ നാളെ ഇനി വേറെ അത്യാവശ്യം വന്നാൽ ഉയർത്താൻ കഴിയുമോയെന്നുള്ള ഉറപ്പില്ലാത്തതിനാൽ ഇപ്പോഴത്തെ അവസ്ഥയിൽ നിൽക്കുകയാണ്. അതുകൊണ്ട് വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. അടിയന്തരമായി ഈ മെക്കാനിക്കൽ റിപ്പെയറിന് ആവശ്യമായ തുക അനുവദിച്ച് അതിന്റെ പ്രവൃത്തി എത്രയുംപെട്ടെന്ന് നടത്തേണ്ടതായിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത്, 1.35 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ അടിയന്തരമായി തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. ഷട്ടർ താഴ്ത്താത്തത് കാരണം പാവറട്ടി ശുദ്ധജല പദ്ധതിയടക്കമുള്ള നിരവധി കുടിവെള്ള പദ്ധതികളെ ഇത് ബാധിക്കുന്നുണ്ട്. തൃത്താല നിയോജകമണ്ഡലത്തിൽ മാത്രമല്ല തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പത്ത് പതിനഞ്ചോളം പഞ്ചായത്തുകളിലെയെല്ലാം കുടിവെള്ള പദ്ധതികൾ ഇതുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഗുരുവായൂർ, കുന്നംകുളം, മണലൂർ തുടങ്ങിയ നിയോജകമണ്ഡലങ്ങളെല്ലാം ഇതിനെ ആശ്രയിച്ച് നിൽക്കുന്നുണ്ട്. അതിനാൽ എത്രയും പെട്ടെന്ന് ഈ ഷട്ടറുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനുവേണ്ടിയുള്ള

നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്. അതോടൊപ്പം ഇതിന്റെ സിവിൽ സ്ട്രക്ച്ചറിനും വലിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നാണ് ഡിപ്പാർട്ട്മെന്റിലെ ഉന്നത ഉദ്യോഗസ്ഥൻമാർ വിലയിരുത്തുന്നത്. താരതമ്യേന ഒരു പുതിയ പദ്ധതിയാണ് വെള്ളിയാങ്കല്ല് റഗുലേറ്റർ- കം- ബ്രിഡ്ജ്. പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ട് പത്ത്-പതിനഞ്ച് വർഷമേ ആയിട്ടുള്ളൂ. പക്ഷേ കഴിഞ്ഞ രണ്ട് മൂന്ന് വർഷമായി ഇതിന്റെ മെയിൻ സ്ട്രക്ച്ചറിന്റെ ഏപ്രണിൽ കാര്യമായ വിള്ളലുകൾ രൂപപ്പെട്ടിട്ടുണ്ട്. അത് ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ചീഫ് എഞ്ചിനീയർമാരടക്കമുള്ള ഉദ്യോഗസ്ഥൻമാർ നിരവധിതവണ അവിടെ സന്ദർശിച്ചിട്ടുള്ളതാണ്. കോഴിക്കോട് NIT ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അതുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പെയറിനുള്ള എസ്റ്റിമേറ്റും സിവിൽ റിപ്പെയറിനുവേണ്ടി ഏതാണ്ട് 17 കോടി രൂപയുടെ എസ്റ്റിമേറ്റും ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കോടിക്കണക്കിന് രൂപ പലതരത്തിലുള്ള പദ്ധതികൾക്കായി വിനിയോഗിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവെന്നും അങ്ങ് അക്കാര്യത്തിൽ താൽപ്പര്യമെടുക്കുന്നുണ്ടെന്നും ഈ ഫണ്ട് അനുവദിക്കപ്പെടുമെന്നും തന്നെയാണ്

ഞാൻ പ്രതീക്ഷിക്കുന്നത്. എന്നാൽ ലോക ബാങ്ക് സഹായമായി 1,750 കോടി രൂപ ലഭിച്ചിട്ടും അതിൽനിന്നും ഒരു രൂപ പോലും ഈ വക കാര്യങ്ങൾക്കുവേണ്ടി നാളിതുവരെ ചെലവഴിച്ചിട്ടില്ലായെന്നത് കഴിഞ്ഞ ദിവസങ്ങളിൽ സഭയിൽ ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. അതിനാൽ സെപ്റ്റംബർ മാസത്തിൽ ലഭിച്ച ആ പണം, ശമ്പളവും മറ്റ് നിത്യനിദാന ചെലവുകൾക്കുംവേണ്ടി ചെലവഴിച്ചു എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ഇത്തരം പദ്ധതികൾക്കുവേണ്ടി ആ പണം ചെലവഴിക്കാനും അടിയന്തരമായി എ.എസ്. നൽകണം. എ.എസ്. നൽകിയാൽതന്നെ ഇത് നടപ്പിലാകണമെങ്കിൽ വർഷങ്ങൾ എടുക്കുമെന്നുള്ളതാണ് അവസ്ഥ. കഴിഞ്ഞ വർഷം അങ്ങയുടെ മുൻഗാമിയുടെയൊക്കെ സഹായത്തോടുകൂടി അതിന്റെ സംരക്ഷണ ഭിത്തി തകർന്നത് പുനഃനിർമ്മാണത്തിനായി 2 കോടി രൂപയോളം അനുവദിച്ച് ഒരു വർഷമായിട്ടും അതിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ കഴിഞ്ഞ ദിവസങ്ങളിലാണ് ആരംഭിച്ചത്. എത്രയും പെട്ടെന്ന് ഇത് പരിഹരിക്കേണ്ടതായിട്ടുണ്ട്.

എന്റെ നോട്ടീസിൽ പറഞ്ഞ ഒരു കാര്യംകൂടി പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഇതുപോലെതന്നെ തൃത്താല നിയോജക മണ്ഡലത്തിലെ മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് കൂട്ടക്കടവ് റഗുലേറ്റർ പദ്ധതി. അത് 2016-ൽ ആരംഭിച്ചതാണ്. പൂർത്തീകരിക്കേണ്ട സമയമായിട്ടും ഇതുവരെയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നബാർഡിന്റെ സഹായത്തോടുകൂടി 50 കോടി രൂപയുടെ പദ്ധതിയ്ക്കാണ് തുടക്കം കുറിച്ചത്. എന്നാൽ ഇതിന് സംരക്ഷണ ഭിത്തി വേണ്ടത്ര നീളത്തിൽ ഇല്ലായെന്നുള്ള വിഷയം വന്നിട്ടുണ്ട്. ഏതാണ്ട് 40 മീറ്ററോളം മാത്രമേ സംരക്ഷണ ഭിത്തിയുള്ളൂ. ഈ കഴിഞ്ഞ പ്രളയത്തിൽ സംരക്ഷണ ഭിത്തി ഇല്ലാത്തതിനാൽ, അവിടെ നേരത്തെ ഉണ്ടായിരുന്ന കുപ്പുകൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊളിച്ചുമാറ്റിയത് കാരണം പുഴ ഗതിമാറി ഒഴുകുന്നതിന് കാരണമായി. ഒരുകാലത്തും പ്രളയം ബാധിക്കാൻ സാധ്യതയില്ലാത്ത ആനക്കര പഞ്ചായത്തിലെ നിരവധി പ്രദേശങ്ങളിലേയ്ക്ക് പുഴ ഗതിമാറി ഒഴുകിയതുകാരണം വലിയ ബുദ്ധിമുട്ടുകൾക്കിടയാക്കുകയും പ്രളയത്തിന്റെ കെടുതി അനുഭവിക്കേണ്ടതായി വരികയും ചെയ്തു. അതിനാൽ കൂട്ടകടവ് റഗുലേറ്റർ പദ്ധതിക്കുവേണ്ടി സംരക്ഷണ ഭിത്തി കൂടുതൽ നീളത്തിലേയ്ക്ക് (ഏതാണ്ട് ഒന്നര കിലോമീറ്ററോളം) കുമ്പ്ര തോട് വരെ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിന് 20

കോടിയോളം രൂപ എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. അതിന്റെ നിർദ്ദേശവും ഗവൺമെന്റിന്റെയും വകുപ്പിന്റെയും മുമ്പിലുണ്ട്. അതിൽ അങ്ങ് പ്രത്യേകമായി ഇടപെട്ട് മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും സംസാരിച്ച് RKI പദ്ധതിയിൽ ഉൾപ്പെടുത്തി ഈ രണ്ട് പദ്ധതികൾക്കുംവേണ്ടി ഫണ്ട് അനുവദിക്കാൻ തയ്യാറാകണം. അതിന് എത്രയും പെട്ടെന്ന് എ.എസ്. നൽകി നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പൂർണ്ണ അർത്ഥത്തിൽ പ്രവർത്തനക്ഷമമാക്കി ജനങ്ങളുടെ ആശങ്ക പരിഹരിക്കണം. വരും നാളുകളിൽ ഒരു പ്രളയമുണ്ടായാൽ ഈ പ്രദേശങ്ങളെയൊന്നും ബാധിക്കാത്ത തരത്തിൽ ഈ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ഞാൻ ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പട്ടാമ്പി, ചാവക്കാട്, കുന്നംകുളം, ഗുരുവായൂർ മുനിസിപ്പാലിറ്റികളും 25-ഓളം ഗ്രാമപഞ്ചായത്തുകളിലെ വിവിധ കുടിവെള്ള പദ്ധതികളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നതും 3997 ഹെക്ടർ നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കാർഷികവിളകൾക്ക് ജലം ലഭ്യമാക്കുന്നതിനും ഉപയോഗപ്രദമായ പാലക്കാട് ജില്ലയിലെ തൃത്താല

വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന് 2019 ആഗസ്റ്റ് മാസത്തിലുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും ഗുരുതരമായ കേടുപാടുകൾ സംഭവിക്കുകയും ആയതിന്റെ ഒരു ഷട്ടർ പൂർണ്ണമായും groove -ൽനിന്നും വേർപെട്ടുപോകുകയും ചെയ്തു. തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി 16-08-2019-ന് ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.-യ്ക്ക് ഒപ്പം ഞാനും താങ്കളും സ്ഥലം സന്ദർശിക്കുകയും അടിയന്തരമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. റഗുലേറ്ററിന്റെ നിയന്ത്രണം ചമ്രവട്ടം സെക്ഷൻ ഓഫീസിന്റെ പരിധിയിലായിരുന്നു. റഗുലേറ്ററിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമമായ ഏകോപനത്തിനുമായി പ്രസ്തുത സെക്ഷൻ ഓഫീസ് തൃത്താല റഗുലേറ്ററിനുസമീപത്തിലായി ഇതിനകംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കസമയത്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ ചമ്രവട്ടം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്തിരുന്നു. വെള്ളിയാങ്കല്ല് റഗുലേറ്റർ- കം-ബ്രിഡ്ജിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഷട്ടറുകൾ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ 135 ലക്ഷം രൂപ മെക്കാനിക്കൽ

പ്രവൃത്തികൾക്കും തകർന്ന ഏപ്രണുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി 1700 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. താങ്കളോടൊപ്പം ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി എ. കെ. ബാലൻ, ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ., ഡോ. ഇ. ശ്രീധരൻ എന്നിവർ ഈ വിഷയത്തിൽ സജീവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. 09-10-2019-ന് ഞാൻ ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ. ഇ. ശ്രീധരനുമായും ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴ എന്ന സംഘടനയുടെ പ്രവർത്തകരുമായി ചർച്ച നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടു. റഗുലേറ്ററിന്റെ സംഭരണശേഷി സാരമായി കുറയ്ക്കുന്നതിനും ജലത്തിന്റെ സുഗമമായ ഒഴുക്കിന് വിഘാതമാകുന്നതുമായ മണൽത്തിട്ടകൾ നീക്കം ചെയ്ത് റഗുലേറ്ററിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഒരു പ്രോട്ടോക്കോൾ നിശ്ചയിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുഴകളുടെ സുഗമമായ ഒഴുക്കിന് തടസ്സമുണ്ടാകുന്ന മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രളയംമൂലം തകർന്ന കൂട്ടക്കടവ് റെഗുലേറ്ററിന്റെ അപ്പർ സ്ട്രീമിൽ left bank -ൽ ശരാശരി 7 മീറ്റർ ഉയരത്തിൽ 1360 മീ. നീളത്തിൽ സംരക്ഷണ ഭിത്തിയും അപ്രോച്ച് റോഡും നിർമ്മിക്കേണ്ടതുണ്ട്. ഇതിന് ഏകദേശം 22 കോടി രൂപ ആവശ്യമായി വരും. ഇത് ഉൾപ്പെടെ പ്രളയംമൂലം ഉണ്ടായ അധികപ്രവൃത്തികൾ ചേർത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾകൂടി ചെയ്തെങ്കിൽമാത്രമേ ഈ നിർമ്മാണ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. റഗുലേറ്ററിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട എം.എൽ.എ.-മാർ, ചെയർമാൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൺവീനർ, ജനപ്രതിനിധികൾ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാർ എന്നിവരടങ്ങിയ സമിതികൾ ഉടൻതന്നെ രൂപീകരിക്കുന്നതാണ്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെgroove meaning പോസിറ്റീവായ മറുപടിയാണ് നൽകിയത്. അങ്ങ് അക്കാര്യത്തിൽ വ്യക്തിപരമായി ശ്രദ്ധ നൽകുന്നയാളാണെന്ന് എനിക്ക് ബോദ്ധ്യമുള്ള കാര്യമാണ്. അങ്ങ് അവിടെ നേരിട്ട് വന്നിട്ടുള്ള ആളാണ്. എന്റെ ശ്രദ്ധക്ഷണിക്കലിലൂടെയുള്ള അഭ്യർത്ഥന, ഇതിന്റെ നടപടിക്രമങ്ങൾ ഒരുപാട്

നീളുന്നുണ്ട്. കഴിഞ്ഞവർഷം 2 കോടി രൂപയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കാൻവേണ്ടിപോലും ഒരു വർഷത്തിലേറെ കാത്തിരിക്കേണ്ടതായി വന്നു. ആ ഭിത്തി അന്ന് നിർമ്മിക്കാത്തതുകൊണ്ടാണ് ഇത്തവണ രണ്ടോ മൂന്നോ ഷട്ടറുകൾ നമുക്ക് പൂർണ്ണമായി അടച്ചിടേണ്ടതായി വന്നത്. കാരണം അത് ഉയർത്തിക്കഴിഞ്ഞാൽ കൂടുതൽ കര ഇടിഞ്ഞുപോകുമെന്നുള്ള പ്രശ്നം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ എത്രയും പെട്ടെന്ന് എല്ലാ നടപടിക്രമങ്ങളും പരമാവധി ത്വരിതപ്പെടുത്തി അങ്ങ് ഇക്കാര്യത്തിലുള്ള ഫണ്ട് മെക്കാനിക്കൽ റിപ്പെയറിനും സിവിൽ റിപ്പെയറിനുംവേണ്ടി ഫണ്ട് അനുവദിക്കണം. കൂട്ടക്കടവിന്റെ കാര്യത്തിലും അതിന്റെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഈ ഒരു ഫണ്ട് ലഭിക്കാത്തതുകാരണം സംരക്ഷണഭിത്തി നിർമ്മിക്കുമോ ഇല്ലയോ എന്നുള്ള ആശങ്ക നിലനിൽക്കുന്നതുകാരണം ജനങ്ങളുടെ ഭാഗത്ത് വലിയ ആശങ്കയും പ്രതിഷേധവുമുണ്ട്. അതും അങ്ങയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടെന്നുള്ള കാര്യത്തിൽ സന്തോഷമാണ്. അക്കാര്യത്തിലും ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് അതിന്റെ കാര്യങ്ങൾ ചെയ്യാൻവേണ്ടി നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഉദ്യോഗസ്ഥരുമായി ആലോചിച്ചശേഷം പെട്ടെന്നുതന്നെ ഷട്ടർ അടയ്ക്കുന്നതിന്റെ പ്രവൃത്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.